## പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3353 — 21.12.2012 ൽ മറുപടിയ്ക്ക്

### കർഷക രജിസ്ട്രേഷൻ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.ഡി. സതീശൻ<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. റ്റി.എൻ. പ്രതാപൻ<br>ശ്രീ. ബെന്നി ബെഹനാൻ | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| **(എ)** കർഷകരജിസ്ട്രേഷൻ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളെന്തെല്ലാം; | **(എ)** കർഷകരജിസ്ട്രേഷൻ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.<br>1) കൃഷിഭവനുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കർഷകരുടെ ഒരു ഡേറ്റാ ബേസ് തയ്യാറാക്കുക.<br>2) കർഷകരുടെ ഡേറ്റാ ബേസ് തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിൽ കാർഷിക പദ്ധതികൾ ആവിഷ്കരിക്കുക<br>3) സബ്സിഡിതുക ഓരോ കർഷകന്റെയും ബാങ്ക് അക്കൗണ്ടിലേക്ക് ഇലക്ട്രോണിക് സംവിധാനം വഴി നൽകുക.<br>4) ഫീൽഡ് തലത്തിലെ ഉദ്യോഗസ്ഥരുടെ സമയം കാർഷിക സാങ്കേതിക വിദ്യകൾ കർഷകർക്ക് കൈമാറ്റം ചെയ്യുന്നതിന് വിനിയോഗിക്കുക.<br>5) സ്കീമുകൾ നിർവഹിക്കുന്നതിലും സഹായധനം വിതരണം ചെയ്യുന്നതിലും സുതാര്യത, വേഗത, കാര്യക്ഷമത എന്നിവ ഉറപ്പ് വരുത്തുക.<br>6) സാമ്പത്തിക സഹായം വിതരണം ചെയ്യുന്നതിലെ കാലതാമസം ഒഴിവാക്കുക |
| **(ബി)** കർഷകരുടെ കൃഷി സംബന്ധമായ വിവരങ്ങളും ബാങ്ക് അക്കൗണ്ട് നമ്പരും ഉൾപ്പെടുത്തിക്കൊണ്ടുള്ള ഡാറ്റാ ബാങ്ക് തയ്യാറാക്കിയിട്ടുണ്ടോ; | **(ബി)** ഡേറ്റാ ബേസ് തയ്യാറാക്കുന്നതിലേക്ക് കർഷകരിൽ നിന്ന് കൃഷിഭവനുകൾ വഴി അപേക്ഷകൾ സ്വീകരിച്ചിട്ടുണ്ട്. ഈ അപേക്ഷകൾ അക്ഷയ കേന്ദ്രങ്ങൾ വഴി ഓൺലൈൻ ഡേറ്റാബേസിൽ രേഖപ്പെടുത്തുവാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | കർഷകർക്ക് ഇതുകൊണ്ടുള്ള നേട്ടങ്ങൾ എന്തെല്ലാമാണ്; | (സി) | കർഷകർക്ക് ഇതുകൊണ്ടുള്ള നേട്ടങ്ങൾ ചുവടെ ചേർക്കുന്നു.<br>ഓൺലൈൻ ഡേറ്റാ ബേസിൽ<br>1) കർഷകന്റെ പുതിയ വിവരങ്ങൾ ഉള്ളതുകൊണ്ട് ഇതിനനുസൃതമായി പദ്ധതികൾ തയ്യാറാക്കുവാൻ സാധിക്കുന്നു.<br>2) സബ്സിഡിതുക കർഷകന്റെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് ലഭിക്കുന്നു.<br>3) കൃഷി ഉദ്യോഗസ്ഥർക്ക് കൃഷിയിടങ്ങൾ സന്ദർശനത്തിന് കൂടുതൽ സമയം ലഭിക്കുന്നു. കൃഷിസംബന്ധമായ പ്രശ്നങ്ങൾക്ക് സത്വര പരിഹാരം കാണുവാനും നൂതന സാങ്കേതിക വിദ്യകൾ ലഭിക്കുകയും ചെയ്യും.<br>4) ആനുകൂല്യ വിതരണത്തിലെ കാര്യക്ഷമത, സുതാര്യത, വേഗത എന്നിവ കർഷകന് പ്രയോജനപ്പെടുന്നു.<br>5) സാമ്പത്തിക സഹായ വിതരണത്തിലെ കാലതാമസം ഒഴിവാകുന്നു. |
| (ഡി) | കൃഷി വകുപ്പിന്റെ ആനുകൂല്യങ്ങൾ കർഷകർക്ക് ലഭിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്? | (ഡി) | കർഷകരുടെ ബാങ്ക് അക്കൗണ്ടിലേക്ക് സബ്സിഡിതുക വിതരണം ചെയ്യുന്നതിനായി ജില്ലാതലത്തിൽ പ്രിൻസിപ്പൽ കൃഷി ഓഫീസർക്കും ബ്ലോക്ക് തലത്തിൽ കൃഷി അസിസ്റ്റന്റ് ഡയറക്ടർക്കും ബാങ്ക് അക്കൗണ്ട് തുടങ്ങുവാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ട്.<br>ബ്ലോക്ക് തലത്തിലുള്ള കൃഷി അസിസ്റ്റന്റ് ഡയറക്ടർമാർ ട്രഷറിയിൽ നിന്നും സബ്സിഡി തുക മാറി അവരുടെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുകയും തുടർന്ന് കർഷകരുടെ ബാങ്ക് അക്കൗണ്ടിലേക്ക് ഇലക്ട്രോണിക് ട്രാൻസ്ഫർ/ചെക്ക് സിസ്റ്റം വഴി വിതരണം നടത്തുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ